(എഫ്) സുപ്രീം കോടതി വിധിയുടെ പശ്ചാത്തലത്തിൽ സുരക്ഷാ പ്രാധാന്യമുള്ള തൊഴിലുകളിൽ വിമുക്ത ഭടൻമാരുടെ താൽപ്പര്യം പരിരക്ഷിക്കാൻ ഔദ്യോഗിക നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) വിമുക്തഭടൻമാരുടെ ക്ഷേമത്തിനും പുനരധിവാസത്തിനുമായി സൈനികക്ഷേമ വകുപ്പുവഴി നടപ്പാക്കിവരുന്ന വിവിധ പദ്ധതികൾ സംബന്ധിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. കൂടാതെ വിമുക്തഭട വികസന കോർപ്പറേഷൻ മുഖേന സെക്യൂരിറ്റി ഗാർഡ്സ്, പേ ആന്റ് പാർക്ക് അവന്യൂ, സപ്പോർട്ട് ഫിനാൻസ്, സ്പെഷ്യലിസ്റ്റ് മാൻപവർ, പിക് അപ് ആന്റ് ഷട്ടിൽസ്, ആട്ടോ സർവ്വീസിംഗ് ആന്റ് കെയർ, സ്പെക്ട്രം വർക്ക്ഷോപ്സ്, സ്പോക്കൺ ഇംഗ്ലീഷ് ആന്റ് പേഴസണാലിറ്റി ഡെവലപ്മെന്റ് പ്രോഗ്രാം തുടങ്ങിയ പദ്ധതികൾ ഉൾപ്പെടുന്ന ഒരു ബിസിനസ്സ് പ്ലാൻ നടപ്പാക്കുന്ന കാര്യം പരിശോധിച്ചുവരികയാണ്.

(ബി) 2004 ജൂൺ മാസം 30-ാം തീയതിവരെയുള്ള കണക്കനുസരിച്ച് കേരളത്തിൽ ആകെ 1,43,685 പേരാണ് വിമുക്ത ഭടൻമാരായി രജിസ്റ്റർ ചെയ്തിട്ടുള്ളത്.

(സി) വിമുക്തഭട കോർപ്പറേഷന്റെ നിലവിലുള്ള ഏഴംഗ ഡയറക്ടർ ബോർഡിൽ മാനേജിംഗ് ഡയറക്ടർ ഉൾപ്പെടെ രണ്ട് എക്സ്കമ്മീഷൻഡ് ഓഫീസർമാർ ഡയറക്ടർമാരായി പ്രവർത്തിക്കുന്നു.

(ഡി) ഡയറക്ടർ ജനറൽ റീ സെറ്റിൽമെന്റ്, വിവിധ കേന്ദ്രീയ സ്ഥാപനങ്ങളിലേയ്ക്ക് സെക്യൂരിറ്റി ജോലിക്കാരെ കരാർ മുഖാന്തിരം നിയമിക്കുന്നതിന് ഈ കോർപ്പറേഷനെ സ്പോൺസർ ചെയ്തിട്ടുണ്ട്. ഇതിൽ ഒരു നിയമനങ്ങളും ഇതുവരെ നടന്നിട്ടില്ല.

(ഇ) എക്സ്സർവ്വീസ്മെൻ ഡെവലപ്മെന്റ് കോർപ്പറേഷൻ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

(എഫ്) സെക്യൂരിറ്റി സർവ്വീസ് ഉൾപ്പെടെയുള്ള ബിസിനസ്സ് പ്ലാൻ സംസ്ഥാന വിമുക്തഭട ക്ഷേമ കോർപ്പറേഷൻ വഴി നടപ്പാക്കുന്ന കാര്യം പരിഗണനയിലുണ്ട്.

കോഴിക്കോട് ജില്ലയിലെ എക്സ്സർവ്വീസുകാർ

80 [3467] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ, തലകുളത്തൂർ, അത്തോളി, ഉള്ള്യേരി, ബാലുശ്ശേരി, പനങ്ങാട്, നന്മണ്ട എന്നീ പഞ്ചായത്തുകളിൽ ഇപ്പോൾ എത്ര മുൻ പട്ടാളക്കാരായ എക്സ്സർവീസുകാർ ഉണ്ട് എന്ന് വെളിപ്പെടുത്താമോ; പഞ്ചായത്ത് തലത്തിലുള്ള അവരുടെ എണ്ണം ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കോഴിക്കോട് എസ്. എസ്. എ. ബോർഡ് മുഖേന എത്രപേർക്ക് 2001-2002, 2002-2003, 2003-2004 വർഷങ്ങളിൽ ജോലി കൊടുത്തിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ 2004 ജൂൺ 30 വരെയുള്ള കണക്കനുസരിച്ച് 9251 വിമുക്തഭടൻമാർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. എലത്തൂർ, തലക്കുളത്തൂർ, അത്തോളി, ഉള്ളിയേരി, ബാലുശ്ശേരി, പനങ്ങാട്, നന്മണ്ട എന്നീ പഞ്ചായത്തുകളിലെ വിമുക്തഭടൻമാരുടെ എണ്ണം ശേഖരിച്ച് സമർപ്പിക്കുന്നതാണ്.

(ബി) കോഴിക്കോട് ജില്ലാ സൈനികക്ഷേമ ഓഫീസ് മുഖേന 2001-2002-ൽ 137 പേർക്കും, 2002-2003-ൽ 173 പേർക്കും, 2003-2004-ൽ 61 പേർക്കും ജോലി ലഭിച്ചിട്ടുണ്ട്.

സർക്കാർപതി ജല വൈദ്യുത പദ്ധതിയിൽനിന്നുള്ള വെള്ളം ചോർത്തൽ

81 [3468] ശ്രീ. എം. മുരളി:
,, അടൂർ പ്രകാശ്:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർപതി ജലവൈദ്യുത പദ്ധതിയിൽ നിന്നുള്ള പറമ്പിക്കുളം വെള്ളം കൊണ്ടൂർ കനാൽവഴി തമിഴ്നാട് തിരുമൂർത്തിയിൽ എത്തിക്കുന്നുണ്ടോ;

(ബി) ഇപ്രകാരം ചെയ്യുന്നുണ്ടോ എന്നു നോക്കാൻ എന്തെല്ലാം സംവിധാനം നിലവിലുണ്ട്;

(സി) സർക്കാർപതിയിൽ നിന്നെത്തുന്ന വെള്ളമല്ലാതെ തിരുമൂർത്തി ഡാമിൽ മറ്റെവിടെ നിന്നാണ് തമിഴ്നാടിന് വെള്ളമെത്തിക്കുവാൻ കഴിയുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇപ്പോഴുള്ള ഗേജിംഗ് സംവിധാനത്തിലൂടെ ഇത് അറിയാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly